**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3567 17.10.2011 -ൽ മറുപടിക്ക്**

പകർച്ചപ്പനി പഠന റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. വിജയദാസ്: | ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി |
| രാജീവ്ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജി എന്ന സ്ഥാപനം ആരോഗ്യവകുപ്പുമായി സഹകരിച്ച് ചിക്കൻഗുനിയ, ഡെങ്കിപ്പനി എന്നീ രോഗങ്ങളെക്കുറിച്ച് നടത്തിയ പഠന റിപ്പോർട്ടിന്റെ വിശദാംശങ്ങളും റിപ്പോർട്ടിന്റെ ഒരു പകർപ്പും ലഭ്യമാക്കുമോ? | കേരളത്തിൽ 2006 മുതൽ 2009 കാല ഘട്ടത്തിൽ ചിക്കൻഗുനിയ, ഡെങ്കിപ്പനി എന്നീ രോഗങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി തെക്കൻ ജില്ലകളായ തിരുവനന്തപുരം, കൊല്ലം, കോട്ടയം , പത്തനംതിട്ട, ആലപ്പുഴ എന്നിവിടങ്ങളിലെയും വടക്കൻ ജില്ലകളായ കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെയും രോഗബാധിതരിൽ നിന്നും രക്ത സാമ്പിളുകൾ ശേഖരിയ്ക്കുകയും പഠനം നടത്തുകയും ചെയ്തു. പോളിമറേസ് ചെയിൻ റിയാക്ഷൻ, ജനിതക ഘടനാ വിശകലനം തുടങ്ങിയ പരീക്ഷണങ്ങളിൽ ഈ വൈറസ്സുകളിൽ ജനിതകമാറ്റം ഉണ്ടായിട്ടുള്ളതായി കണ്ടെത്തുകയുണ്ടായി. അതോടൊപ്പം കോഴിക്കോട് ജില്ലയിൽ കൊതുകുകളിൽ നടത്തിയ പഠനത്തിൽ വൈറസ്സുകളെ കണ്ടെത്തുകയും കൊതുകിന്റെ മുട്ടയിലൂടെ വൈറസ്സുകൾ അടുത്ത തലമുറയിലേയ്ക്ക് പ്രവേശിക്കുന്നതായും കണ്ടെത്തി. |

| | |
|---|---|
| | തിരുവനന്തപുരം മെഡിക്കൽ കോളേജ് പരിസരം, എറണാകുളം ജനറൽ ആശുപത്രി പരിസരം എന്നിവിടങ്ങിലുണ്ടായ ഡെങ്കിപ്പനി ബാധ പഠിക്കുകയും വൈറസ്സുകളെ വിശകലനം ചെയ്യുകയും ചെയ്തു. തിരുവനന്തപുരത്ത് serotype 1 വൈറസ്സുകളെ കണ്ടെത്തിയപ്പോൾ എറണാകുളത്ത് ഒന്നിലധികം serotype വൈറസ്സുകളെ ഒരു രോഗിയിൽ നിന്നും കണ്ടെത്തുകയുണ്ടായി. വൈറസ്സുകളുടെ സാന്ദ്രത എറണാകുളത്ത് വളരെ കൂടുതലാണെന്ന് പഠനം സൂചിപ്പിക്കുന്നു. (റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു) |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ് .